മലബാർ മാർക്കറ്റ് കമ്മിറ്റി ജീവനക്കാരുടെ പുനരധിവാസം

102 (1897) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മാർക്കറ്റ് കമ്മിറ്റി ജീവനക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇവരിൽ വി. ആർ. എസ്. സ്വീകരിക്കാൻ തയ്യാറല്ലാത്തവരെ കൃഷി വകുപ്പിലോ മറ്റേതെങ്കിലും വകുപ്പിലോ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നിയമനത്തിന് പി. എസ്. സി. നിയമനത്തിനുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവനുദിക്കുകയില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം തേടി കൊണ്ട് 27-6-2003-ന് കത്തയച്ചു. കമ്മീഷന്റെ മറുപടി ലഭിച്ചതിനുശേഷം മേൽ നടപടികൾ കൈക്കൊള്ളും.

നെൽവയലുകളിൽനിന്ന് മണ്ണെടുക്കുന്നത് തടയാൻ നടപടി

103 (1898) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി മെഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽവയലുകളിൽ നിന്ന് ആഴത്തിൽ കുഴിച്ച് ഇഷ്ടിക ഉല്പാദനത്തിനുള്ള മണ്ണെടുക്കുന്നതുമൂലം തൃശ്ശൂർ ജില്ലയിലുള്ള വയലുകൾ വലിയ ജലാശയങ്ങളായിത്തീർന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) വയലുകൾ കുഴിക്കുന്നതോടൊപ്പം അത് നികത്തണമെന്ന വ്യവസ്ഥയുണ്ടോ ;

(സി) വയലുകളിൽ മണ്ണെടുപ്പുമൂലം സൃഷ്ടിക്കപ്പെടുന്ന കുഴികൾ നികത്താത്തതുമൂലം കിണറുകളിൽ വെള്ളം വറ്റാറുണ്ടോ എന്ന് പരിശോധിക്കുമോ ;

(ഡി) കൃഷിയോഗ്യമല്ലാത്തവിധം വയലിൽ നിന്ന് മണ്ണെടുക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽവയലുകളിൽ നിന്ന് മണ്ണെടുക്കുന്നതുമൂലം തൃശ്ശൂർ ജില്ലയിലെ ചില കൃഷിയിടങ്ങൾ വലിയ വെള്ളക്കെട്ടുകളായി തീർന്നതായി കാണുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly